بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 15/01/2016

**(04 RABIUL AAKHIR 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## "A WARNER FOR ALL NATIONS" / എല്ലാ ജനതയ്ക്കും വേണ്ടി ഒരു മുന്നറിയിപ്പുകാരൻ

സലാമിനു ശേഷം, ഹസ്രത് മുഹ്യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം **"എല്ലാ ജനതയ്ക്കുമായി ഒരു മുന്നറിയിപ്പുകാരൻ"** എന്ന വിഷയത്തെ ആസ്പദമാക്കി സംസാരിക്കുകയുണ്ടായി. **"ഒരു മുന്നറിയിപ്പുകാരൻ വന്ന് കഴിഞ്ഞിട്ടില്ലാത്ത ഒരു സമുദായവുമില്ല"** (35:25) മാനവകുലത്തിന്റെ രക്ഷകനായ അല്ലാഹു (ത) എല്ലാ മനുഷ്യർക്കും ചിന്തിക്കുവാനുള്ള കഴിവ് നൽകി അനുഗ്രഹിച്ചിരിക്കുന്നു. അങ്ങനെ, ഒരു ജനതയെയും തന്റെ മാർഗ്ഗദർശനത്തിൽ നിന്നും ഒഴിവാക്കിയിട്ടില്ല. നിങ്ങളുടെ മുമ്പിൽ പാരായണം ചെയ്ത വിശുദ്ധ ഖുർ ആനിൽ പറഞ്ഞതുപോലെ **"ഒരു മുന്നറിയിപ്പുകാരൻ കടന്നു കഴിഞ്ഞിട്ടില്ലാത്ത ഒരു ജനതയും ഉണ്ടായിട്ടില്ല"** അല്ലാഹു (ത) അവന്റെ ദൂതന്മാരെ എല്ലാ ജനതയിലേക്കും എല്ലാ കാലഘട്ടങ്ങളിലും നിയോഗിച്ചിട്ടുണ്ട്. സൂര്യൻ മുഴുലോകത്തെയും പ്രകാശിപ്പിക്കുന്നതുപോലെ, വെളിപാടാകുന്ന പ്രകാശം, ലോകത്തിന്റെ ഏറ്റവും ഇരുണ്ട കോണുകളിൽ പോലും കത്തിച്ചു വെച്ചിട്ടുണ്ട്; ഒരു പ്രത്യേക ജനതയിൽ വെളിപാടിന്റെ പ്രകാശം, ഇന്ന് നമുക്ക് കണ്ടെത്തുവാൻ കഴിയുന്നില്ലെങ്കിൽ, അതിന്റെ അർത്ഥം അവരിൽ ദൂതൻമാർ വന്നിട്ടില്ലായെന്നല്ല, മറിച്ച് സത്യം ഇതാണ്, ഈ ജനത അവരുടെ ദേശീയ പൈതൃകത്തേയും, വിശ്വാസത്തേയും പരിത്യജിച്ചു കളഞ്ഞു.

സമയം അതിക്രമിച്ചിരിക്കുന്നു, വളരെയധികം ആളുകളും വിശ്വസിച്ചിരിക്കുന്നത് ദൈവീക വെളിപാടുകൾ ഓരോ മതങ്ങളുടെയും സ്ഥാപകർക്ക് മാത്രമായി പരിമിതപ്പെടുത്തിയിരിക്കുകയാണെന്നാണ്. മറ്റ് മതവിശ്വാസികൾ ചെയ്തതുപോലെ, മത പ്രഖ്യാപനം നടത്തിയവർക്ക് മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതാണ് ദൈവീക വെളിപാടുകളെന്നും വിശ്വസിക്കുന്നവരുണ്ട്. ഈ മതസ്ഥാപകർക്ക് നൽകപ്പെട്ട വ്യക്തിപരമായ ഒരു സമ്മാനം പോലെയാണ് വെളിപാടുകൾ എന്നവർ കരുതുന്നു. കാരണം അവർ മാനവസമുദായത്തിന് നൽകിയ സേവനങ്ങളെ പരിഗണിച്ച് നൽകിയതാണത്രെ! സാർവ്വദേശീയമായ ഈശ്വരാനുഗ്രഹ സിദ്ധാന്തം സ്വീകരിച്ചതിന്റെ ഫലമായിട്ടാണ് ഇപ്രകാരം ലഭ്യമാകുന്നത് എന്നതല്ല അവരുടെ വിശ്വാസം. ഉദാഹരണമായി ഇന്ന് ക്രിസ്തുമസ് ഒരു ദേശീയ, അന്തർദേശീയ ആഘോഷമായി മാറിയിരിക്കുകയാണ്. മറ്റ് മതവിശ്വാസികളും, ഹിന്ദുമത വിശ്വാസികൾ പ്രത്യേകിച്ച് അവരത് ഒരു കാഹളഘോഷമായി ആഘോഷിക്കുന്നു. എന്തുകൊണ്ട് ? ജീസസിലുള്ള അവരുടെ വിശ്വാസം അങ്ങനെയായതുകൊണ്ടാണോ ? ക്രിസ്ത്യാനികൾക്ക് ജീസസിലുള്ള വിശ്വാസം അങ്ങനെയാണോ ? അതോ ഈ ആഘോഷം കൊണ്ടാടുന്നതിനുവേണ്ടിയുള്ള ഒരാകർഷണത്തിനുവേണ്ടി ചെയ്യുകയാണോ ? അതോ യേശുവിന്റെ ജനനത്തെപ്പറ്റി ക്രിസ്ത്യൻ വിശ്വാസത്തിന്റെ സ്തുതിഗീതമാണോ ? ഈ ഉത്സവത്തിൽ അവർ പൂർണ്ണമായും പങ്കുകൊള്ളുന്നു. എന്നാൽ ജീസ്സസ് ഒരു പ്രവാചകനായിരുന്നു. എന്ന സത്യത്തിൽ അവർ വിശ്വസിക്കുന്നില്ല. അഥവാ ദൈവത്തിന്റെ പുത്രൻ ആണ് എന്നും വിശ്വസിക്കുന്നില്ല. ക്രിസ്ത്യൻ ഭൂരിഭാഗവും പിൻതാങ്ങുന്ന ഒരു വിശ്വാസമാണത്.

നല്ലവരായ ദൈവദാസന്മാർ, മാനവസമൂഹത്തിന് നൽകിയ സേവനങ്ങൾ തീർച്ചയായും ചരിത്രത്തിൽ രേഖപ്പെട്ടുകിടക്കുന്നു. അതോടൊപ്പം ദൈവം ഓരോ ജനതയ്ക്കും അവന്റെ ഔദാര്യങ്ങളും വചനങ്ങളും നൽകിയിട്ടുണ്ട് എന്നത് ഒരു വസ്തുതയാണ്. അവ സംരക്ഷിക്കപ്പെട്ടിട്ടുണ്ടെങ്കിലും ശരി, ഇല്ലെങ്കിലും ശരി, പ്രവാചകൻമാരെ നിയോഗിച്ചിട്ടുണ്ട്, മാർഗ്ഗദർശനം നൽകിയിട്ടുണ്ട്, മനുഷ്യകുലത്തിന്റെ അവകാശമാണത്, അത് ദൈവം ഒരിക്കലും അവഗണിച്ചിട്ടുമില്ല. ഈ സിദ്ധാന്തം എല്ലാ ജനതയ്ക്കുമായി തുറക്കപ്പെട്ടതാണ്. ദൈവ സ്നേഹത്തിന്റെ വാതിലുകൾ അവൻ തുറന്നിട്ടിരിക്കുകയാണ്. എല്ലാ ജനതയ്ക്കുമായി! മാനവകുലത്തിന്റെ ആന്തരിക സംസ്ക്കരണത്തിനായി ! ശക്തമായ നിലയിലും സൗഹൃദാന്തരീക്ഷത്തിലും, അതിന്റെ സ്ഥാപകരും സ്വാത്വികരും എല്ലാവിധ അധിക്ഷേപങ്ങളിൽ നിന്നും അവ സംരക്ഷിച്ചു നിർത്തിയിട്ടുണ്ട്. എല്ലാ മതങ്ങളിലും ! എല്ലാ ജനതയ്ക്കുമായി എല്ലാ രാജ്യങ്ങൾക്കുമായി ലോകജനതയ്ക്കുമായി നിയോഗിക്കപ്പെട്ട

അതിമഹാനായ സാർവ്വദേശിയ പ്രവാചകനെ ലോകം ദർശിച്ചു കഴിഞ്ഞു. ഈ അതിമഹാനായ പ്രവാചകൻ, അതേ നമ്മുടെ പ്രിയ പ്രവാചകൻ ഹസ്രത് മുഹമ്മദ് (സ) ആകുന്നു. അറബികളിൽ നിന്നുമാണ് അദ്ദേഹം ഉയർത്തപ്പെട്ടത്. മുഴുവൻ മനുഷ്യർക്കുമായി, വിശ്വ പ്രവാചകനായി നിയോഗിതനായി. സമ്പൂർണ്ണ ദൈവീക നിയമങ്ങൾ കൊണ്ടുവന്ന അവസാനത്തെ പ്രവാചകനാണെങ്കിലും അതേ അവസാനമായി വെളിപാടിലൂടെ നൽകപ്പെട്ട നിയമസംഹിത, അതായത് വിശുദ്ധ ഖുർആൻ, വിശുദ്ധ ഗ്രന്ഥം, എല്ലാ കാലത്തേക്കുമുള്ള എല്ലാ അവശ്യ കാര്യങ്ങളും നിറവേറ്റത്തക്ക നിലയിലുള്ള ഗ്രന്ഥമാണ് എന്നതിൽ യാതൊരു സംശയവുമില്ല; എന്നാൽ വെളിപാടുകളുടെയും, ആത്മീയ പുരോഗതിയുടെയും വാതിലുകൾ തുറന്നു കിടക്കുകയാണ്, ഇപ്പോഴും തുറന്നു കിടക്കുന്നു, അന്ത്യദിനം വരെ അത് തുറന്നു കിടക്കുന്നതുമായിരിക്കും.

ഒരു സമ്പൂർണ്ണ നിയമസംഹിതയുടെ സാന്നിദ്ധ്യത്തിൽ, ഒരു പുതിയ നിയമത്തിന്റെ യാതൊരു ആവശ്യവുമില്ല. എന്നാൽ മനുഷ്യന് അല്ലാഹുവിനെ ബോധ്യമാകേണ്ട ആവശ്യകത നിലനിൽക്കുന്നു. പുതിയ നിയമങ്ങൾ ഒന്നും തന്നെ വെളിവാക്കേണ്ടതില്ല. എന്നാൽ പ്രവാചകത്വത്തിന്റെ വാതിലുണ്ട്. ആത്മീയ സമ്പൂർണ്ണതയിലൂടെ അവിടെ എത്തിച്ചേരാവുന്നതാണ്. അത് തുറന്നു കിടക്കുകയാണ്. എല്ലാ കാലത്തും അത് തുറന്നു കിടക്കുകയും ചെയ്യും. കാരണം അല്ലാഹു (ത) നമ്മുടെ പൂർവ്വികന്മാരുടെ അനുഗ്രഹദാതാവായി തീർന്നതു പോലെ നമ്മുടെയും അനുഗ്രഹദാതാവാണ്. ഒരു ഗ്രന്ഥം എത്രത്തോളം സമ്പൂർണ്ണമാണോ, അത്രത്തോളം അറിവിന്റെ വികാസത്തിന് സഹായവും ആവശ്യമായി വരുന്നതാണ്. അതുകൊണ്ട് ഒരു ഗ്രന്ഥം അതായത് പരിശുദ്ധ ഖുർആൻ അതിൽ സമ്പൂർണ്ണ നിയമസംഹിത ഉൾക്കൊണ്ടിരിക്കുന്നു. ഓരോ കാലഘട്ടത്തിലും ആവശ്യമായത് എടുക്കേണ്ടതാണ്. എല്ലാ രോഗങ്ങൾക്കുമുള്ള പ്രതിവിധി അതിലുണ്ട്, ധാർമ്മികവും ആത്മീയവുമായ ഓരോ നൂറ്റാണ്ടിലേയും വികാസത്തിന് ആവശ്യമായത് ദൈവത്തിന്റെ വെളിപാട് ഗ്രന്ഥത്തിൽ തീർച്ചയായും ഉണ്ടായിരിക്കും. കാരണം മാനവവികാസത്തിന്റെ തത്വശാസ്ത്രം അത് വിശദീകരിക്കുന്നുണ്ടാവും ഇത് മനുഷ്യ ബുദ്ധിയ്ക്ക് അതീതമായതും എന്നും മാറ്റത്തിനു വിധേയമായിക്കൊണ്ടിരിക്കുന്നതുമായ വികസിത തത്വശാസ്ത്രമാണ്.

വിശുദ്ധ ഖുർആനെപ്പറ്റി നാം ചിന്തിക്കുമ്പോൾ, നാം കാണുന്നു. എപ്പോഴൊക്കെ മത നേതാക്കന്മാർ അഴിമതിക്കാരായി മാറുന്നുവോ, ജനങ്ങളെ നേർപാതയിൽ നിന്നും അവർ വഴിതിരിച്ചു വിടുന്നുവോ, അപ്പോൾ ഉദാഹരണത്തിന്, വിശുദ്ധഖുർ ആൻ പറയുന്നു. **" അധികമാളുകളും യാതൊരറിവും കൂടാതെ, അവരുടെ സ്വേച്ഛകളനുസരിച്ച് (ജനങ്ങളെ) വഴിപിഴപ്പിക്കുന്നു. "** 6:120**"തങ്ങളുടെ മതപണ്ഡിതന്മാരെയും പുരോഹിതന്മാരെയും മർയമിന്റെ മകൻ മസീഹിനെയും അല്ലാഹുവിനു പുറമേ അവർ രക്ഷകർത്താക്കളായി വച്ചിരിക്കുകയാണ്."** (9:31)

അനേകം ആളുകൾ, അവരുടെ പണ്ഡിതന്മാർക്ക്, മതനേതാക്കന്മാർക്ക്, അവരുടെ ഖലീഫമാർക്ക്, ദൈവത്തിന്റേതായ പദവി കല്പിക്കുന്നു. വളരെ വ്യക്തമായും അവർ പറയുന്നത് ശരീഅത്തിന് എതിരാണെങ്കിൽ പോലും ! ഈ പണ്ഡിതന്മാർ, ഖലീഫമാർ, മതനേതാക്കന്മാർ ജനങ്ങളെ തെറ്റായ പാതയിലൂടെ നയിച്ച് തങ്ങളുടെ നഫ്സിന്റെ ഇച്ഛകൾ പൂർത്തീകരിക്കുന്നു. ഈ എല്ലാ കാര്യങ്ങളെയും നിന്ദിച്ചുകൊണ്ട് അല്ലാഹു (ത) പ്രഖ്യാപിച്ചു **"പറയുക, ഞാൻ നിങ്ങളെ ദിവ്യ സന്ദേശം മുഖേന ജാഗ്രതപ്പെടുത്തുകയാണ്"** (21:46) മറ്റൊരു വാക്കിൽ പറഞ്ഞാൽ, ദൈവീക വെളിപാടിലൂടെ ഞാൻ നിങ്ങൾക്ക് മുന്നറിയിപ്പു നൽകുകയാണ്. എന്നാൽ നിങ്ങൾ ഇത് പരിഗണിക്കുന്നില്ല. ജനങ്ങളെ തെറ്റായ പാതയിലൂടെ നയിക്കുകയാണ്. അതിലൂടെ നിങ്ങളുടെ സ്വന്തം ഇച്ഛകളെ സന്തോഷിപ്പിക്കുകയാണ്. നിശ്ചയമായും യഥാർത്ഥ മാർഗ്ഗദർശനം വെളിപാടിന്റെ സഹായമില്ലാതെ സാധിക്കുകയില്ല. അതിനുമാത്രമെ അറിവു പകരുവാൻ സാധിക്കുകയുള്ളൂ. അല്ലാഹു (ത) പറയുന്നു **"പറയുക, നിശ്ചയമായും (സാക്ഷാൽ) മാർഗ്ഗദർശനം അല്ലാഹുവിന്റെ മാർഗ്ഗദർശനമാത്രമാകുന്നു. നിനക്ക് വന്നുകിട്ടിയ അറിവിനുശേഷം നീ അവരുടെ സ്വേച്ഛകളെ പിൻതുടരുന്നപക്ഷം അല്ലാഹുവിങ്കൽ നിനക്ക് യാതൊരു മിത്രവും സഹായിയും ഉണ്ടാകുന്നതല്ല"** (2:121) മാർഗ്ഗ ഭ്രംശമാകുന്ന അന്ധകാരം വ്യാപിക്കുമ്പോൾ (നേർ പാതയിൽ നിന്നും വ്യതിചലിക്കുമ്പോൾ) അല്ലാഹു (ത) തന്റെ പ്രവാചകന്മാരെ നിയോഗിക്കുന്നു. അന്ധകാരത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കുവാനായി. അവരെ നേർമാർഗ്ഗത്തിൽ നയിക്കുവാനായി അതുമാത്രമല്ല തങ്ങളുടെ സ്വന്തം ഇച്ഛകളെ തൃപ്തിപ്പെടുത്തുവാനായി മതനേതാക്കന്മാർ ജനങ്ങളെ ചതിക്കുമ്പോഴെല്ലാം ഒരു ദൈവദൂതന്റെ സാന്നിദ്ധ്യം അത്യാവശ്യമായി തീരുന്നു. കാരണം ജനങ്ങൾ മതപണ്ഡിതന്മാരെ വിശ്വസിച്ചു ഭരമേൽപ്പിക്കുന്നു. മതപുരോഹിതർ ജനങ്ങളുടെ മനസ്സുകളെ വഞ്ചിക്കുന്നു. അതുമാത്രമല്ല ശരീഅത്തിനെ വികൃതമാക്കുന്നു. ജനങ്ങളെ തെറ്റായ ആചാരങ്ങൾ അനുഷ്ഠിക്കുവാൻ പ്രേരിപ്പിക്കുന്നു. മോശമായ ബിദ്അത്തുകൾ ! ദൈവപ്രവാചകൻ വന്ന് മതത്തിന്റെ മാന്യത വീണ്ടെടുക്കുന്നു.

വിശുദ്ധ ഖുർആന്റെയും പ്രവാചക വചനത്തിന്റെയും തെളിവുകളുടെ അടിസ്ഥാനത്തിൽ പരിശുദ്ധ പ്രവാചകൻ (സ) യുടെ ആഗമനം കൊണ്ടും, സമ്പൂർണ്ണ അദ്ധ്യാപനങ്ങൾ കൊണ്ടും ജനങ്ങൾ വഞ്ചകരാകില്ലാ എന്നോ, ദുർമാർഗ്ഗത്തിൽ ആകില്ലായെന്നോ എവിടെയും അർത്ഥമാക്കുന്നില്ല. പകരം അവർ ജനങ്ങൾ, നേർ പാതയിൽ നിന്നും വഴി തെറ്റുമെന്നും, വഴികേടിലാകുമെന്നും, അതുപോലെ ഇസ്ലാമിന്റെ യഥാർത്ഥ

ഘടനയ്ക്ക് തുരങ്കം വെയ്ക്കുമെന്നും അത് മുന്നറിയിപ്പു നൽകുന്നു. പരിശുദ്ധ പ്രവാചകൻ (സ) പ്രവചനം ചെയ്യുകയുണ്ടായി. **"ഇസ്ലാമിൽ അതിന്റെ പേരും ഖുർആനിൽ അതിന്റെ ലിപിയും മാത്രം അവശേഷിക്കുന്ന കാലം വരും"** സത്യം പൂർണ്ണമായും അപ്രത്യക്ഷമാകും, മതത്തെ രക്ഷിക്കേണ്ട പണ്ഡിതൻമാർ ചതിയന്മാരും വഞ്ചകന്മാരുമാകും, അവർ മതത്തെ നശിപ്പിക്കും. ഈ പ്രസ്താവനകളും പ്രവചനങ്ങളും മുഖവിലയ്ക്കെടുക്കുമ്പോൾ ഇന്ന് ഇതെല്ലാം ഒരു യാഥാർത്ഥ്യമായി നമ്മുടെ മുമ്പിൽ നിൽക്കുന്നു. ഇസ്ലാമിനെ സംരക്ഷിക്കുവാൻ അല്ലാഹു ഒരു നടപടിയും സ്വീകരിക്കുകയില്ലന്നോ, അതോ അല്ലാഹു ഇതിനൊരു പരിഹാരവും നിർദ്ദേശിച്ചിട്ടില്ലെന്നോ നമുക്ക് കരുതുവാൻ സാധിക്കുമോ ? മുൻകാല ജനങ്ങൾ തെറ്റിപ്പോയപ്പോഴെല്ലാം അവരെ സംരക്ഷിക്കുവാനായി, പ്രവാചകന്മാരെ നിയോഗിച്ചിരുന്നു. ഇസ്ലാമിനെ രക്ഷിക്കുവാൻ ഒരിക്കൽ കൂടി പ്രവാചകന്മാരെയും / ദൈവീക വെളിപാടുകളും അവന്റെ അനുഗ്രഹം എന്ന നിലയിൽ അയക്കില്ലന്നാണോ ? നിശ്ചയമായും അവൻ അയക്കുന്നതാണ്. അല്ലാഹു (ത) പറയുന്നു. **" ഇന്നത്തെ ദിവസം നിങ്ങളുടെ മതത്തെ ഞാൻ പൂർണ്ണമാക്കി തരുകയും, എന്റെ അനുഗ്രഹത്തെ നിങ്ങൾക്ക് പൂർത്തീകരിക്കുകയും, ഇസ്ലാമിനെ നിങ്ങൾക്ക് മതമായി തൃപ്തിപ്പെടുകയും ചെയ്തിരിക്കുന്നു."** (5:4)

ഒരു മതം പൂർണ്ണമാകുക എന്ന് പറഞ്ഞാൽ അതിന്റെ ശരീഅത്ത് (ഇസ്ലാം മത നിയമം) സമ്പൂർണ്ണമായിരിക്കണം. അതിന് കോട്ടം തട്ടാതിരിക്കുവാനുള്ള നടപടികൾ സ്വീകരിക്കണം. അതുകൊണ്ടാണ് പരിശുദ്ധ പ്രവാചകൻ (സ) പറഞ്ഞത് **"ഓരോ നൂറ്റാണ്ടിന്റെയും തലയ്ക്കൽ ഒരു പരിഷ്ക്കർത്താവിനെ ഈ സമുദായത്തിനുവേണ്ടി അല്ലാഹു (ത) നിയോഗിക്കുന്നതാണ്" അല്ലാഹു (ത) വീണ്ടും പറയുന്നു. "ഞാൻ നിങ്ങളുടെ മേൽ എന്റെ അനുഗ്രഹം പൂർത്തീകരിച്ചു തന്നിരിക്കുന്നു. "എന്റെ അനുഗ്രഹം പൂർത്തീകരിച്ചു തന്നിരിക്കുന്നു എന്ന വാക്കുകളുടെ അർത്ഥം എന്താണ് ? വിശുദ്ധ ഖുർ ആനിൽ പറയുന്നു. യൂസഫ് (അ) തന്റെ സ്വപ്നം തന്റെ പിതാവായ ഹസ്രത് യഅ്ഖൂബ് നബി (അ) നോട് പറഞ്ഞപ്പോൾ, അതിന്റെ വ്യാഖ്യാനമായി അദ്ദേഹം ഇങ്ങനെ പ്രതിവചിച്ചു. "അല്ലാഹു അവന്റെ അനുഗ്രഹം നിന്റെ മേലും യഅ്ഖൂബിന്റെ കുടുംബത്തിന്റെ മേലും പൂർത്തീകരിച്ചുതരും. അവൻ നിന്റെ പിതാക്കന്മാരായ ഇബ്രാഹീമിനും ഇസ്ഹാക്കിനും പൂർത്തീകരിച്ചതു പോലെ "**(12:7)

അല്ലാഹു (ത) ആരുടെയെങ്കിലും മേൽ അനുഗ്രഹം പൂർത്തീകരിക്കുമ്പോൾ, ഇത് സാധാരണ ഭാഷയിൽ അർത്ഥമാക്കുന്നത് പ്രതിഫലം എന്നാകുന്നു, ആത്മീയാർത്ഥത്തിൽ അതിന് പ്രവാചകത്വം എന്നാകുന്നു. ഇബ്രാഹീം, ഇസ്ഹാഖ്, യഅ്ഖൂബ്, യൂസഫ് ഇവരെല്ലാം പ്രവാചകന്മാരായിരുന്നു. ദൈവീക അനുഗ്രഹങ്ങളുടെ പൂർത്തീകരണം സംബന്ധിച്ച വാഗ്ദാനം ഇല്ലായിരുന്നെങ്കിൽ, മറിയമിന്റെ മകനായ വാഗ്ദത്ത മസീഹിന്റെ ആഗമനം ഉണ്ടാകുമായിരുന്നില്ല, ഓരോ നൂറ്റാണ്ടിന്റെയും ആരംഭത്തിലെ പരിഷ്ക്കർത്താവ് വരില്ലായിരുന്നു. ശരിയായ പാതയിൽ നിന്നും വ്യതിചലിക്കുമ്പോൾ, അതിന് ദൈർഘ്യമേറുമ്പോൾ, പ്രവാചക ആഗമനത്തെ സംബന്ധിച്ച പ്രവചനം ഓർക്കേണ്ടതാണ്.

ദൈവീക അനുഗ്രഹങ്ങളുടെ പൂർത്തീകരണം ഇതാകുന്നു. ഇസ്ലാമിന്റെ ജീവനും പ്രതീക്ഷയും ഇതാകുന്നു. ഖുർആൻ വാഗ്ദാനം ചെയ്യുന്നതും അതാണ്. ജനം വഴികേടിലാകുമ്പോഴെല്ലാം പ്രവാചകാഗമനം പ്രതീക്ഷിക്കാം. അല്ലാഹു (ത) യുടെ മതത്തിൽ ദൈവീക വെളിപാടുകളോടുകൂടി, പ്രവാചക പരിഷ്ക്കർത്താക്കളുടെ ആഗമനം ഉണ്ടാകുന്നതാണ്, ഒരു പുതുദിന വാഗ്ദാനവുമായി ഇസ്ലാം നില കൊള്ളുന്നു. ഇസ്ലാമിന്റെ സത്തയിൽ ജനങ്ങൾക്ക് ആശ്വാസം കൊള്ളാം. ഇസ്ലാമിന്റെ ആദ്യദിനങ്ങളെപോലെ ! ഇൻശാ അല്ലാഹ്! ആമീൻ. ഇതാണ് ഞാൻ നിങ്ങളിൽ ആഗ്രഹിക്കുന്നത്, അല്ലാഹുവിന്റെ പ്രതിനിധി എന്ന നിലയിൽ, ഖലീഫത്തുല്ലാഹ് എന്ന നിലയിൽ, നിങ്ങൾ ഇസ്ലാമിലേക്ക് എത്തിച്ചേരുക. ഒരു യഥാർത്ഥ വിശ്വാസിയെപോലെ ! അല്ലാഹുവിന്റെ സ്നേഹവും സന്തോഷവും നമ്മിലേക്ക് ആകർഷിക്കുന്നതിൽ നാം വിജയിക്കട്ടെ ഇൻശാ അല്ലാഹ് ! ആമീൻ.


Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223 / 8547299180*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*